സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ

94 [49] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ 2005 മേയ് 31 വരെ സ്ത്രീകൾക്കെതിരെ നടന്ന എത്ര അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ കൊലപാതകങ്ങൾ, ബലാൽസംഗങ്ങൾ, തട്ടിക്കൊണ്ടുപോകൽ ലൈംഗിക പീഡന കേസുകൾ, സ്ത്രീധന പീഡനങ്ങൾ എന്നിവ സംബന്ധിച്ച പ്രത്യേക കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്ക് നേരെ നടന്ന ബലാൽസംഗ, ലൈംഗിക പീഡന കേസുകളെത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ കേസുകളിൽ കേസന്വേഷണം പൂർത്തിയാക്കി കോടതികളിൽ എത്തിച്ചവ എത്രയെന്നും കുറ്റവാളികളെ കോടതി ശിക്ഷിച്ചവ എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) — (ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ

95 [50] *ശ്രീ. പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും കാര്യത്തിൽ നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റാങ്കിംഗിൽ എത്രാമത് സ്ഥാനമാണ് ഇപ്പോൾ കേരളത്തിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും കുറ്റകൃത്യങ്ങളും സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ സ്ത്രീധന മരണം, ലൈംഗിക പീഡന മരണം, ബലാൽസംഗത്തിന് വിധേയമായ മരണം, ഭർതൃപീഡനത്തെ തുടർന്നുള്ള മരണം, ആത്മഹത്യകൾ എന്നിവ വേർതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

GPM. 2/564/2012—18

LIBRARY ARCHIVES Kerala Legislative Assembly